# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6320 — 20/11/2019 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഇ.എസ്.ഐ കോർപ്പറേഷൻ നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ എണ്ണത്തിന് അനുസരിച്ചാണ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. ഇ.എസ്.ഐ കോർപ്പറേഷൻ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ സർക്കാരിന്റേയും, ഇ.എസ്.ഐ കോർപ്പറേഷന്റേയും നയപരമായ തീരുമാനത്തിലൂടെയാണ് സാധാരണയായി പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. ഇ.എസ്.ഐ ഡിസ്പെൻസറി തുടങ്ങുന്നതിന് മലയോര പ്രദേശങ്ങളിൽ 1000 ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളും സാധാരണ പ്രദേശങ്ങളിൽ 2000 ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളും ആവശ്യമാണ്. 20 കിലോമീറ്റർ ചുറ്റളവിൽ ഒരു ഇ.എസ്.ഐ ഡിസ്പെൻസറിയാണ് അനുവദനീയമായിട്ടുള്ളത്. |
| (ബി) | പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതിൽ കട്ടപ്പന, മുക്കം ഇ.എസ്.ഐ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചു. സുൽത്താൻ ബത്തേരി, മാനന്തവാടി, മന്നാംകണ്ടം, കണ്ണൻദേവൻ ഹിൽസ് എന്നീ 4 ഡിസ്പെൻസറികൾക്കുള്ള പ്രവർത്തനാനുമതി കൂടി ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർ |

| | | | |
|---|---|---|---|
| | | | തലത്തിൽ അനുമതി നൽകിയ വെഞ്ഞാറമൂട്, കളത്തൂപ്പുഴ, റാന്നി, പീരുമേട്, കുമിളി, കൂത്താട്ടുകുളം, ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട്, കൊണ്ടോട്ടി, ബാലുശ്ശേരി, താമരശ്ശേരി എന്നീ ഇ.എസ്.ഐ ഡിസ്പെൻസറികൾക്ക് കൂടി പ്രവർത്തനാനുമതി ലഭ്യമാക്കണമെന്ന് ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിൽ പുതുതായി ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**